# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 13/2021** (വെള്ളിയാഴ്ച) **തീയ്യതി: 12.02.2021**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 13.02.2021 | 14.02.2021 | 15.02.2021 | 16.02.2021 | 17.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 21 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 30 | 30 | 30 | 30 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 14 | 8 | 8 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 140 | 140 | 140 | 140 |
| മേഘവ്യാപ്തി (ഒക്ക) | 4 | 2 | 3 | 5 | 7 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവാണ്. കൂടിയ താപനില 32 °C വരെയും കുറഞ്ഞ താപനില 21 °C വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: ബാഷ്പീകരണതോത് കൂടിയ സാഹചര്യമായതിനാൽ വിളകൾക്ക് ആവശ്യാനുസരണം നന നൽകി പുതയിട്ടു സംരക്ഷിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക(ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷ്ണം -5 സെൻറ്റിനു 1 കഷ്ണം). ശലഭത്തെ നെല്ച്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി 4 മുതൽ 5 മാസം പ്രായമായ വാഴകളിൽ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തതിനു ശേഷം 5% നന്മ, 50ml ഒരു ലിറ്റർ എന്ന തോതിൽ ഇലകളിലും പിണ്ടിയിലും മുഴുവനായി തളിച്ചു കൊടുക്കാവുന്നതാണ്. വണ്ടുകളുടെ ആക്രമണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ, മേന്മ 5 ml വീതം പിണ്ടിയിൽ ആക്രമണം നടത്തിയതിനു ചുറ്റുമായി മൂന്നു ഭാഗങ്ങളിൽ കുത്തി വക്കുക.പിണ്ടിപ്പുഴുവിന്റെആക്രമണംകുറക്കാൻബ്യുവേറിയബാസിയാന 20 g Lവെള്ളത്തിൽകലക്കിഇലകവിളുകളിൽതളിച്ച്കൊടുക്കുക. വാഴയിൽ ചളി തേച്ചുപിടിപ്പിക്കുക. EPN 4 ഇലകവിളുകളിൽ ഒരെണ്ണം വീതം വയ്ക്കുക |
| തെങ്ങ് | വളപ്രയോഗം | നനയുള്ള തെങ്ങുകൾക്കുള്ള രാസവളപ്രയോഗം .തെങ്ങൊന്നിന് 200 g യൂറിയ ,220g മസ്സൂറിപ്പോസ് ,350 g പൊട്ടാഷ് |